ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി പ്രകാരം 4-ാം ക്ലാസ്സിലും 7-ാം ക്ലാസ്സിലും പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളിൽ ഒരു മത്സര പരീക്ഷയിലൂടെ മിടുക്കരായ 1100 കുട്ടികളെ തെരഞ്ഞെടുക്കുകയും ഇവർക്ക് പ്രതിമാസം 150 രൂപ നിരക്കിൽ മൂന്നുമാസത്തെ സ്റ്റൈപ്പന്റ് നൽകുകവഴി 4.95 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 70 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകുന്ന സ്ഥാപനങ്ങളെ തെരഞ്ഞെടുത്തതിലെ ക്രമക്കേടുകൾ

133 [3280] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
,, പിരപ്പൻകോട് മുരളി:
,, വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകുവാൻ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തതിൽ ക്രമക്കേടുകളുണ്ടായിട്ടുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് പ്രസ്തുത കമ്പ്യൂട്ടർ പരിശീലനത്തിനുവേണ്ടി 2001-02, 2002-03 വർഷങ്ങളിൽ തെരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഓരോ സ്ഥാപനത്തിനും എന്തു തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് പറയാമോ;

(ഇ) പ്രസ്തുത പരിശീലനത്തെ സംബന്ധിച്ച പരാതികളിൻമേൽ ഗൗരവമായ അന്വേഷണം നടത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി—ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) വകുപ്പുസെക്രട്ടറി തലത്തിൽ ഇത് അന്വേഷിക്കുന്നുണ്ട്.

കുഴൽമന്ദം മണ്ഡലത്തിൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററും പോസ്റ്റ് മെട്രിക് ഹോസ്റ്റലും ആരംഭിക്കാൻ അനുമതി

134 [3281] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം മണ്ഡലത്തിൽ പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ, പോസ്റ്റ് മെട്രിക് ഹോസ്റ്റൽ (വനിതകൾക്ക്) എന്നിവയ്ക്ക് സർക്കാർ അനുവാദം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly